# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3815

## 21/06/2019 ൽ മറുപടി നൽകേണ്ടത്

**വിധവ പെൻഷൻ**

**ചോദ്യം**
ശ്രീ.പി.ഉബൈദുള്ള

**മറുപടി**
ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | നിയമപരമായി വിവാഹബന്ധം വേർപെടുത്തിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് നൽകിവരുന്ന വിധവ പെൻഷൻ നിർത്തലാക്കണമെന്നും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; | സംസ്ഥാനത്ത് നിലവിൽ 13 ലക്ഷത്തിൽപ്പരം പേർ വിധവാ പെൻഷൻ വാങ്ങിവരുന്നു. ഇത്തരത്തിൽ വിധവാ പെൻഷൻ വാങ്ങുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹ മോചനത്തിനായി കേസു നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രാദേശിക സർക്കാരുകളിൽ കണ്ട് വരുന്നു. ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യവുമാണ്. അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളു എന്ന് ഉറപ്പാക്കുന്നതിലേക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തികൊണ്ട് അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളു എന്ന് ഉറപ്പുവരുത്തുന്നതിലേക്ക് ഒരു പരിപത്രം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ നിലവിൽ പെൻഷൻ അനുവദിച്ച് വിതരണം ചെയ്ത് വരുന്നവരുടെ പെൻഷൻ നിർത്തലാക്കുന്നതിലേക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് പുനപരിശോധിക്കുവാനും അവരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് വിധവ പെൻഷൻ പുനസ്ഥാപിക്കാനും സത്വര നടപടികൾ സ്വീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ